LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ തീരദേശ റോഡുകളുടെ പുനരുദ്ധാരണം

103 [260] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ നാല് തീരദേശ റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നത് സംബന്ധിച്ച് ആലപ്പുഴ എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ എം.എൽ.എ. താഴെ പറയുന്ന 4 റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിനായി നിവേദനം നൽകിയിരുന്നു.

1. സീവ്യൂ വാർഡിലെ നെൽ ക്വാർട്ടേഴ്സ്-ചന്തക്കടവ് റോഡ്
2. ബീച്ച് വാർഡിൽ നവയുഗം ജംഗ്ഷൻ-ഡ്രെയിനേജ് റോഡ്
3. ആലപ്പുഴ മുനിസിപ്പാലിറ്റി- മൾഗർ റോഡ്.
4. കാഞ്ഞിരംചിറ വാർഡ്-മാളിക മുക്ക് ജംഗ്ഷൻ റോഡ്.

എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഇതിൽ മൾഗർ റോഡിന് മാത്രമേ ഭരണാനുമതി നൽകിയിട്ടുള്ളൂ.

വാഗമൺ ദേശത്തെ റിസോർട്ടുകൾ

104 [261] ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
" കെ. സി. ജോസഫ്:
" ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ ദേശത്ത് എത്ര റിസോർട്ടുകൾ പണിയുകയും എത്ര എണ്ണത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ആരുടെ ഉടമസ്ഥതയിലാണ്;

(സി) ഇവ നിർമ്മിക്കുന്നതിനാവശ്യമായ അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിസോർട്ടുകൾ പണിയുന്നതിന് ആവശ്യമായ സ്ഥലം എപ്രകാരമാണ് നേടിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി ആന്റ് സി) വാഗമൺ പ്രദേശത്ത് സ്വകാര്യ വ്യക്തികൾ റിസോർട്ടുകൾ പണിയുന്നത് സംബന്ധിച്ച് ടൂറിസം വകുപ്പിന്റെ അനുവാദം നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ആവശ്യമില്ലാത്തതിനാൽ അവിടെ പണികഴിപ്പിച്ചിട്ടുള്ള റിസോർട്ടുകളെ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(ഡി) ടൂറിസം വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് റിസോർട്ടുകൾ ഒന്നും നിർമ്മിച്ചിട്ടില്ല.

വിനോദസഞ്ചാരികളെ ആകർഷിക്കാൻ ആധുനിക ജലകേളികൾ

105 [262] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
" കെ. സി. വേണുഗോപാൽ:
" ഇ. എം. അഗസ്തി:
" വർക്കല കഹാർ:
" ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക വിധത്തിൽ ആധുനിക ജല കേളികൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഈ സൗകര്യം എവിടെയെല്ലാം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ടൂറിസ്റ്റുകൾക്ക് ഗോൾഫ് കളിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ കായലുകളിൽ വിന്യസിക്കാൻ പറ്റുന്ന തരത്തിലുള്ള വിവിധ ഇനം ബോട്ടുകൾ വാങ്ങുന്നതിന് ഉദ്ദേശമുണ്ട്. ഹൈപവർ ബോട്ടുകൾ, പോണ്ടൂണുകൾ, മൈക്രോസ്പീഡ് ബോട്ടുകൾ, കയാക്കുകൾ തുടങ്ങി അത്യാധുനികമായ ബോട്ടുകൾ വാങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly